(ബി&സി) അച്ചടിവകുപ്പിൽ രൂപീകരിച്ചിട്ടുള്ള വനിതാ പരാതി പരിഹാരസെൽ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പരാതിയിൽ പറയുന്ന സംഭവം നടന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

അച്ചടിശാലകളിലെ യന്ത്രസാമഗ്രികൾക്ക് അനുവദിച്ച തുക

166 (7465) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ പ്രസ്സുകളിലേക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് എത്ര കോടി രൂപ അനുവദിച്ചുവെന്നും അതിൽ എത്ര തുകയ്ക്ക് ആയതു വാങ്ങിയെന്നും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ലോക്കൽ പർച്ചേസിംഗ് മുഖേന വാങ്ങിയ പ്ലേറ്റുകൾ എത്രയെന്നും തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) അച്ചടി വകുപ്പിലേക്ക് ആവശ്യമുള്ള പ്ലേറ്റുകൾ ആനുവൽ പർച്ചേസ് നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ അച്ചടിവകുപ്പിൽ യന്ത്രസാമഗ്രികൾ വാങ്ങിക്കുന്നതിന് അനുവദിച്ച തുക, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു:

വർഷം	അനുവദിച്ച തുക	ചെലവായ തുക
2011-12	4,00,00,000	2,64,87,090
2012-13	5,87,00,000	61,12,698
2013-14	5,50,00,000	48,08,757

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം e-tender മുഖേന പർച്ചേസ് ചെയ്യാൻ സാധിക്കാത്തതിനാൽ അത്യാവശ്യ ജോലികൾക്ക് വേണ്ടി 10,58,795 രൂപയ്ക്ക് പ്ലേറ്റുകൾ വാങ്ങിയിട്ടുണ്ട്.

(സി) 2013-14 സാമ്പത്തിക വർഷത്തിലേയ്ക്ക് Annual Indent പ്രകാരം 52.74 ലക്ഷം രൂപയുടെ PS/CTP പ്ലേറ്റുകൾ e-tender-കൾ മുഖേന വാങ്ങുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും മത്സരാധിഷ്ഠിതമായി e-tender-കൾ ലഭിക്കാത്തതിനാൽ ആനുവൽ പർച്ചേസ് നടത്താൻ കഴിഞ്ഞിരുന്നില്ല. ഈ വർഷത്തെ ആനുവൽ പർച്ചേസിന്റെ പ്രൊപ്പോസൽ പരിശോധിച്ചതിനുശേഷം ഭരണാനുമതി നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly